II ഇ.ബി. XIV - കേരള നിയമസഭ/XV-15

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

43(*451) ഇ-ഓഫീസ് സംവിധാനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, 15 സബ് ഡിവിഷൻ ഓഫീസുകൾ, 60 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത സംവിധാനത്തിൽ പോരായ്മകൾ കണ്ടെത്തിയതിനെത്തുടർന്ന് ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അപ്പെക്സ് കമ്മിറ്റി എൻ.ഐ.സി.യെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും

അതിനാവശ്യമായ നടപടി സ്വീകരിക്കാത്തതിനാൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗ സെക്രട്ടറിതല കമ്മിറ്റിയുടെ ശിപാർശപ്രകാരം ഓപ്പൺ മാർക്കറ്റിൽനിന്നും ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനെന്ന പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ്വെയർ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷൻ യൂസർ ഫ്രണ്ട്ലിയാണെന്ന പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ ഇതിന്റെ എസ്റ്റിമേറ്റഡ് കോസ്റ്റ്, വാർഷിക മെയിന്റനൻസ് ചെലവുകൾ എന്നിവ കണക്കാക്കാൻ സാധിക്കുകയുള്ളൂവെന്നും ഡാറ്റാ കൈമാറ്റം സംബന്ധിച്ച് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

44(*452) <u>പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് നടപടി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ഭക്ഷ്യധാന്യവിതരണം സുതാര്യമാക്കുകയും വാതിൽപ്പടി വിതരണം സാദ്ധ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുകയും യഥാർത്ഥ ഗുണഭോക്താവിനുതന്നെ അത് ലഭിക്കുന്നുവെന്ന്

ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. റേഷൻ വിഹിതം സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് എസ്.എം.എസ്. സന്ദേശം നൽകുന്നുണ്ടെന്നും ഏത് കടയിൽനിന്നും ഇത് വാങ്ങുന്നതിനുള്ള പോർട്ടബിലിറ്റി സംവിധാനം നിലവിലുണ്ടെന്നും പരാതി പരിഹാരത്തിനായി ഓൺലൈൻ പോർട്ടൽ പ്രവർത്തനസജ്ജമാക്കുകയും ടോൾഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈൻ അപേക്ഷകളിലൂടെ റേഷൻ കാർഡ് ലഭ്യമാക്കാനുള്ള സംവിധാനമൊരുക്കുകയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടെന്നും ഭക്ഷ്യഭദ്രതാ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും ഭക്ഷ്യ കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റേഷൻ കടകൾ നവീകരിക്കുകയും ഏകീകൃത നിറവും മാതൃകയും നിശ്ചയിക്കുകയും വ്യാപാരികളുടെ ഏറ്റവും കുറഞ്ഞ പ്രതിഫലം 18,000/- രൂപയാക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ കടകളിലൂടെ ശബരി ഉല്പന്നങ്ങളും കുപ്പിവെള്ളവും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊതുവിതരണ രംഗത്തെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അഴിമതി എന്നിവ തടയുന്നതിനായി കർശന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടെന്നും റേഷൻ കടകളിലേയ്ക്കുള്ള ധാന്യവിതരണത്തിൽ കൃത്യത

ഉറപ്പുവരുത്തുന്നതിനായി ഗോഡൗണുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയിൽ ഹോട്ടലുകളെ അക്രഡിറ്റഡ് ഏജൻസികളാക്കുന്നത് സംബന്ധിച്ച് ആലോചിക്കുകയാണെന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തിക്കൊണ്ട് കുറ്റമറ്റരീതിയിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരികയാണെന്നും ക്ലേശഘടകങ്ങൾ നിശ്ചയിച്ചപ്പോൾ ആശ്രയ പദ്ധതിയിൽപ്പെട്ടവരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്ര പദ്ധതിയായ ഐ.എം.പി.ഡി.എസ്. നിലവിൽ വരുന്നതോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇവിടെനിന്നും റേഷൻ വാങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45(*453) <u>എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് വികസന ആവശ്യങ്ങൾ സംബന്ധിച്ച് ഉന്നയിക്കേണ്ട പൊതുവിഷയങ്ങൾ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ന്യൂഡൽഹി കേരള ഹൗസിൽ എം.പി. സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാർലമെന്റ് അംഗങ്ങൾ ഉന്നയിക്കുന്ന

വിഷയങ്ങളിന്മേൽ തുടരന്വേഷണം നടത്തി വിവരങ്ങൾ എം.പി.സെൽ മുഖേന യഥാസമയം ലഭ്യമാക്കുന്നുണ്ടെന്നും ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി റെസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ കേരള ഹൗസ് ലെയ്സൺ വിംഗിൽ ഒരു ഓഫീസ് പ്രവർത്തിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രണ്ട് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാർക്ക് അധികച്ചുമതല നൽകുകയും ആവശ്യപ്പെടുന്ന മുറയ്ക്ക് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ/കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പ്രത്യേകമായി ലെയ്സൺ ഓഫീസറെ നിയമിക്കുന്നത് അപ്രായോഗികമാണെന്നും ന്യൂഡൽഹിയിൽ എത്തുന്ന അംഗങ്ങൾക്ക് വാഹനസൗകര്യവും ക്വാർട്ടേഴ്സ് ലഭ്യമാകുന്നതുവരെ താമസസൗകര്യവും കേരള ഹൗസിൽ നൽകുന്നുണ്ടെന്നും എം.പി.മാരുടെ സേവനം പ്രയോജനപ്രദമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

**അടിയന്തരചോദ്യം**

(1) <u>വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള മണിചെയിൻ തട്ടിപ്പ്</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സ്വകാര്യ മണി ചെയിൻ തട്ടിപ്പ് സംഘം തലസ്ഥാനത്ത് ഓഫീസ് ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വിദ്യാർത്ഥികൾ ഇതിന് ഇരയായിട്ടുണ്ടോയെന്നും

അന്വേഷിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് സഭയെ അറിയിച്ചു. മണിചെയിൻ തട്ടിപ്പിനിരയായവർ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി മുമ്പാകെ സമർപ്പിച്ച പരാതി മണ്ണന്തല പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്ക് കൈമാറുകയും കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരികയുമാണ്. വിദ്യാർത്ഥികളെ ഡ്രഗ് മാഫിയകളിൽ നിന്നും രക്ഷിക്കാൻ പൊതുസമൂഹം ഉണർന്നു പ്രവർത്തിക്കണമെന്നും പി.ടി.എ. മുൻകയ്യെടുത്ത് സ്കൂളുകളിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തണമെന്നും സ്കൂൾ പരിസരത്ത് ലഹരിവസ്തുക്കൾ വിൽക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമെന്നും എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. സംവിധാനങ്ങളുടെ സഹായത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് മെന്റർമാരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4942 മുതൽ 5259 വരെയുള്ള ചോദ്യങ്ങളിൽ 41 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)